

വൃദ്ധമന്ദിരങ്ങൾ ശരിയായ വഴിയിലോ?

# തട്ടിപ്പാകരുത് വയോജന

**കേരളത്തിൽ ആർക്കും തുടങ്ങാവുന്ന ഒരു സേവന ബിസിനസ്സായി വൃദ്ധസദനങ്ങൾ മാറുകയാണോ? വയോജന മന്ദിരങ്ങളുടെ നടത്തിപ്പിനെ കുറിച്ച് ഒരു അന്വേഷണം**

ഇന്ത്യയിൽ 138 ദശലക്ഷം വയോജനങ്ങളുണ്ട് എന്നാണ് 2019 ലെ കണക്ക്. അതായത് ആകെ ജനസംഖ്യയുടെ 10.1 ശതമാനം വയോജനങ്ങളാണ്. 2031 ഓടു കൂടി ഇത് 56 ദശലക്ഷം ആയേക്കുമെന്നാണ് കണക്കുകൾ. വയോജനങ്ങളിൽ 50 ശതമാനം പേരും ശാരീരികമായി വെല്ലുവിളികൾ നേരിടുന്നവരാണ്. കേരളത്തിലാകട്ടെ ആകെ ജനസംഖ്യയുടെ 16.5 ശതമാനം 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. പുതിയ പഠന റിപ്പോർട്ടുകൾ പ്രകാരം കേരളത്തിലെ ആളുകൾക്കാണ് ഏറ്റവും ജീവിത ദൈർഘ്യമുള്ളത്. കേരളത്തിലെ പുരുഷന്മാരിലെ ജീവിതകാലയളവ് 72.5 വർഷവും സ്ത്രീകളിലേത് 77.9 ഉം ആണ്.

ഭാവിയിൽ വയോജനങ്ങളുടെ പരിചരണം വലിയൊരു ചോദ്യചിഹ്നമാണ്. മിക്ക വീടുകളിലും പ്രായമായവരെ നോക്കാൻ ആളില്ല. ഒന്നോ രണ്ടോ മക്കളുള്ളത് വിദേശത്തോ അല്ലെങ്കിൽ വീട്ടിൽ നിന്നു ദൂരെയോ ആയിരിക്കും. വീട്ടിൽ പരിചരിക്കാനുള്ള സൗകര്യം കുറവ്, പരിചരിക്കാൻ പരിശീലനം ലഭിച്ചവരുടെ ദൗർലഭ്യം എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളാൽ വീട്ടിലെ പരിചരണം പ്രയാസകരമാകുന്ന അവസ്ഥയാണുള്ളത്.


ഈ സാഹചര്യത്തിലാണ് സീനിയർ അസിസ്റ്റഡ് കെയർ ഫെസിലിറ്റികൾ





About Us (http://www.manoramaonline.com/about-us.html) Contact Us (http://www.manoramaonline.com/contact-us.html)
Manorama Products (http://subscribe.manoramaonline.com/)

# മന്ദിരങ്ങൾ



അഥവാ വയോജനപരിചരണ മന്ദിരങ്ങളുടെ പ്രസക്തി. 10 വർഷം മുൻപ് വൃദ്ധമന്ദിരത്തിൽ വാർധക്യം ചെലവിടുന്നതിനെക്കുറിച്ച് ചോദിച്ചാൽ ആളുകൾ നെറ്റിചുളിക്കുമായിരുന്നു. ഇന്നു കഥ മാറി. അവബോധം കൂടി. വയോജനമന്ദിരങ്ങൾ കുറച്ചിലല്ല, സാമൂഹിക ആവശ്യമാണെന്നു തിരിച്ചറിഞ്ഞ് അതിനായി പണം മാറ്റിവയ്ക്കുന്നവരുണ്ട്. കൊച്ചിയിലും മറ്റും റിട്ടയർമെന്റ് ഹോമുകൾ എന്ന സങ്കൽപം വ്യാപകമായിക്കഴിഞ്ഞു.

റജിസ്റ്റർ ചെയ്തിട്ടുള്ള ഏതാണ്ട് 620 വയോജനമന്ദിരങ്ങളുണ്ട് കേരളത്തിൽ എന്നാണ് സർക്കാർ കണക്ക്. പക്ഷേ, അനൗദ്യോഗിക കണക്കുപറയുന്നത് റജിസ്ട്രേഷനില്ലാതെ ആയിരക്കണക്കിന് പെയ്ഡ് വയോജനമന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ്.

റജിസ്ട്രേഷന്റെ കാര്യം വലിയ തമാശയാണ്. നിലവിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലാണ് പണം വാങ്ങി നടത്തുന്ന വയോജന മന്ദിരങ്ങളും റജിസ്റ്റർ ചെയ്യേണ്ടത്. ഇവർക്ക് പ്രത്യേകമായി ഒരു കമ്മീഷനോ നിയന്ത്രണസമിതികളോ ഇല്ല.

വർഷങ്ങൾക്ക് മുൻപ് സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഒരു കമ്മറ്റി രൂപീകരിച്ച് വയോജനമന്ദിരങ്ങൾക്കായുള്ള മാർഗനിർദേശങ്ങൾ രൂപീകരിച്ചിരുന്നു. അതു പ്രധാനമായും സർക്കാർ വയോജനമന്ദിരങ്ങളെ ഉദ്ദേശിച്ചുള്ളതായിരുന്നു. പക്ഷേ, അതും ഇപ്പോൾ കടലാസ്സിൽ മാത്രമേയുള്ളൂ എന്നാണ് അറിയാനാകുന്നത്. പണം വാങ്ങി പ്രവർത്തിക്കുന്ന വയോജനമന്ദിരങ്ങളിൽ കൊടുക്കുന്ന കാശിന്നുള്ള പരിചരണം ലഭിച്ചാൽ ഭാഗ്യം എന്നേ പറയാൻ പറ്റൂ.

## പ്ലാനിങ് വേണം

നല്ലൊരു ബിസിനസ് അവസരമായാണ് പലരും പെയ്ഡ് സീനിയർ ഹോമുകളെ കാണുന്നത്. വൻകിട കോർപ്പറേറ്റുകൾ പോലും തങ്ങളുടെ കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റി പ്രോഗ്രാമിന്റെ ഭാഗമായി പെയ്ഡ് റിട്ടയർമെന്റ് ഹോമുകൾ തുടങ്ങുന്നുണ്ട്. ഫ്ളാറ്റു പണിത് വിൽക്കാൻ പറ്റാതെ വരുമ്പോൾ അത് പെയ്ഡ് വയോജനമന്ദിരങ്ങളാക്കുന്ന ഏർപ്പാടുണ്ട്. ആളുകളുടെ കണ്ണിൽ പൊടിയിടാനായി കയറിവരുന്നിടത്ത് റാമ്പ് പോലെ ചില കാര്യങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ടാകും. അതല്ലാതെ വയോജനസൗഹൃദപരമായ ഒന്നും ഉണ്ടാവില്ല.

**വയോജന മന്ദിരങ്ങൾ ഇന്ന് കുറച്ചിലല്ല , സാമൂഹിക ആവശ്യമായി മാറിക്കഴിഞ്ഞു. പക്ഷേ അവയിൽ വേണ്ട സൗകര്യങ്ങൾ ഉറപ്പു വരുത്താൻ യാതൊരു സംവിധാനവും ഇപ്പോഴില്ല.**

ഒരു വയോജനമന്ദിരം തുടങ്ങുന്നതിന് മുൻപ് നല്ല പ്ലാനിങ് വേണ്ടതുണ്ടെന്നു പറയുന്നു വയോജനങ്ങൾക്കായി പ്രവർത്തിക്കുന്ന ഹെൽപ് ഏജ് ഇന്ത്യയുടെ ഡയറക്ടറും സംസ്ഥാന തലവനുമായ ബിജു മാത്യു. ‘‘ വ്യത്യസ്തങ്ങളായ ചുറ്റുപാടിൽ നിന്നുള്ള ആളുകളുണ്ടാകും. അതനുസരിച്ച് വ്യക്തിഗത പരിചരണം കൊടുക്കണം. പ്രായമായവരാകുമ്പോൾ അസുഖങ്ങൾ വരാം, കിടപ്പിലാകാം. അതിനനുസരിച്ച് പരിചരണം നൽകാനുള്ള ശേഷിയുണ്ടോ? വൈദഗ്ധ്യമുള്ള സ്റ്റാഫ് ഉണ്ടോ? ആശുപത്രിയിൽ കിടത്തേണ്ടിവന്നാൽ എങ്ങനെ കൈകാര്യം ചെയ്യണം? ഇതെല്ലാം ചിന്തിക്കണം. എടുത്തുചാടി പെയ്ഡ് ഹോമുകൾ തുടങ്ങി കൈ പൊള്ളി പൂട്ടേണ്ടി വന്ന ധാരാളം കേസുകൾ പരിചയമുണ്ട് എന്നു പറയുന്നു ബിജു മാത്യു.



About Us (http://www.manoramaonline.com/about-us.html) Contact Us (http://www.manoramaonline.com/contact-us.html)

Manorama Products (http://subscribe.manoramaonline.com/)



“ റിട്ടയർമെന്റ് ഹോമുകൾ തിരഞ്ഞെടുക്കുന്നവരും അവിടെ നൽകുന്ന സൗകര്യങ്ങളെക്കുറിച്ച് സൂക്ഷ്മമായി വിലയിരുത്തണം. നീന്തൽക്കുളവും മാർബിൾ ടൈലും പോഷ് മുറികളുമല്ല പ്രധാനം. കാറ്റും വെളിച്ചവും കയറിയിറങ്ങുന്ന മുറികളാണോ, വീഴ്ച തടയാൻ സംവിധാനങ്ങളുണ്ടോ, നടക്കാൻ ഇടമുണ്ടോ? അത്യാവശ്യത്തിന് ഒരു ഡോക്ടറുടെ സേവനം ലഭിക്കുമോ? മാസം തോറും നിശ്ചിത തുക നൽകിയാൽ മതിയോ അതോ കൂടിക്കൂടി വരുമോ? സന്ദർശകരെ സ്വീകരിക്കാൻ സൗകര്യമുണ്ടോ, മതിയായ സുരക്ഷാസംവിധാനങ്ങളുണ്ടോ? എന്നിവയൊക്കെ പരിഗണിക്കണം.” ബിജു മാത്യു പറയുന്നു

## പരിചരണം പ്രധാനം

വയോജന പരിചരണ കേന്ദ്രങ്ങളുടെ പ്രധാന ആകർഷണം ഗുണമേന്മയേറിയ പരിചരണം ആയിരിക്കണം. ന്യൂയോർക്ക് മേഴ്സി കോളജിലെ ക്ലിനിക്കൽ ജെറന്റോളജിസ്റ്റ് ഡോ. രേണു ഏബ്രഹാം വർഗീസ് പറയുന്നു. സാധാരണ രണ്ടുതരത്തിലാണ് പെയ്ഡ് ഹോമുകൾ പ്രവർത്തിക്കുന്നത്. ചെറിയ കാലയളവിലേക്കുള്ള പരിചരണം. അതായത് സർജറിക്കു ശേഷമുള്ള കുറച്ചുനാളത്തേക്ക് താമസിക്കുക. രണ്ടാമത്തേത് ദീർഘകാലപരിചരണം. ദീർഘകാലപരിചരണം വേണ്ടവരിൽ അവരുടെ ശാരീരികവും മാനസികവുമായ നിലവിലുള്ള പ്രവർത്തനശേഷി നിലനിർത്തുകയും മോശം അവസ്ഥയിലേക്ക് പോകാതെ മുൻകരുതൽ എടുക്കുകയും വേണം.

കോംപ്രിഹെൻസീവ് അസസ്മെന്റ് ബേസ്ഡ് കെയർ പ്ലാൻ ഉണ്ടോ എന്നു തിരക്കുക. അതായത് ഒരാൾ താമസത്തിനെത്തുമ്പോഴേ അയാളുടെ ആരോഗ്യം എങ്ങനെയുണ്ട്, എന്തൊക്കെ രോഗങ്ങളുണ്ട്, എന്തൊക്കെ പരിചരണം വേണം എന്ന് വിലയിരുത്തി അതിനെ അടിസ്ഥാനമാക്കി ഓരോരുത്തർക്കും പരിചരണം പ്ലാൻ ചെയ്യുന്ന രീതി. നിശ്ചിത ഇടവേളകളിൽ വീണ്ടും സ്ഥിതി വിലയിരുത്തുകയും (റീ അസസ്മെന്റ്) അതനുസരിച്ചുള്ള തെറപ്പികളും ചികിത്സകളും ഉൾപ്പെടുത്തുകയും വേണം.

താമസക്കാരുടെയും പരിചാരകരുടെയും അനുപാതവും പരിചരിക്കാനുള്ളവരിൽ എത്ര പേർക്ക് വയോജനങ്ങളെ നോക്കാനുള്ള പരിശീലനം ലഭിച്ചിട്ടുണ്ട് എന്നതും പ്രധാനമാണ്. സാധാരണ രോഗികളെ പോലല്ല, പ്രായമായവർക്ക് വീഴ്ചകളും മലമൂത്രസംബന്ധിയായ പ്രശ്നങ്ങളും കിടപ്പുരോഗികളാണെങ്കിൽ കിടക്കവ്രണങ്ങളുമൊക്കെ വരാൻ സാധ്യതയേറെയാണ്.

ഇതെല്ലാം മുൻകൂട്ടിക്കണ്ട്, പ്രതിരോധിക്കാൻ ആവശ്യമായ പരിചരണ പദ്ധതികൾ നടപ്പാക്കണം. ഉല്ലാസത്തിനുള്ള ആക്ടിവിറ്റികൾക്കൊപ്പം ഓർമയും മാനസികശേഷിയും മെച്ചപ്പെടുത്താനുള്ളതുപോലെ തെറാപ്യൂട്ടിക് ആക്ടിവിറ്റികളും വേണം.

രോഗങ്ങൾക്ക് അനുസരിച്ച് തെറാപ്യൂട്ടിക് ഡയറ്റ് പ്ലാൻ ചെയ്യാൻ ഡയറ്റീഷനും ന്യൂട്രീഷനിസ്റ്റും വേണം. പുനരധിവാസ ചികിത്സകൾക്ക് റീഹാബിലിറ്റേഷൻ വിദഗ്ധർ വേണം. വിഷാദം , ആകുലത പോലുള്ള അവസ്ഥകളിൽ കരുതലേകാൻ സൈക്യാട്രിക് വിദഗ്ധരുണ്ടാകണം.

ഇത്തരം ഹോമുകൾക്ക് കൃത്യമായ ഒരു എഴുതപ്പെട്ട പരിചരണ പദ്ധതി ഉണ്ടോ എന്നത് വളരെ പ്രധാനമാണ്. ചിലയിടങ്ങളിൽ പക്ഷാഘാതം പോലെയുള്ള സങ്കീർണതകൾ വന്ന് ആശുപത്രിയിലായാൽ പിന്നെ തിരിച്ചെടുക്കില്ല. മുൻകൂട്ടി ഇക്കാര്യം അറിഞ്ഞിരിക്കണം. ” ഡോ. രേണു ഓർമിപ്പിക്കുന്നു.

**താമസത്തിനെത്തുന്നവരുടെ ആരോഗ്യം കൃത്യമായ ഇടവേളകളിൽ വിലയിരുത്തണം. കിടപ്പുരോഗികൾക്ക് പ്രത്യേക പരിചരണത്തിന് സംവിധാനം വേണ്ടതുണ്ട്**

പല പെയ്ഡ് റിട്ടയർമെന്റ് ഹോമുകളും മിഡിൽ ക്ലാസ്സ് ആളുകൾക്ക് പോലും എത്താക്കനിയാണ്. സർക്കാരിൽ നിന്ന് യാതൊരു തരത്തിലുമുള്ള സാമ്പത്തിക പിന്തുണയുമില്ലാതെ നടത്തേണ്ടിവരുന്നതുകൊണ്ടാണ് ചെലവേറുന്നതെന്നാണ് ഉടമകൾ പറയുന്നത്. ചെലവു കുറഞ്ഞ രീതിയിൽ സർക്കാർ മുൻകൈ എടുത്ത് റിട്ടയർമെന്റ് ഹോമുകൾ തുടങ്ങുകയാണ് ഇതിനു പരിഹാരമെന്നു പറയുന്നു തിരുവനന്തപുരത്തെ സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസിലെ ഡോ. പി. കെ. ബി. നായർ.

“നിലവിൽ പെയ്ഡ് ഹോമുകളിലെ താമസക്കാരുടെ പരാതി കേൾക്കാൻ പോലും ഒരു സംവിധാനമില്ല. പലരും പരാതിയുമായി ഹെൽപ് ഏജ് ഇന്ത്യയെ സമീപിക്കാറുണ്ട്. വയോജനങ്ങളുടെ ഉപദേശകസമിതി മാത്രമാണ് ഞങ്ങൾ. എങ്കിൽ പോലും ചില കേസുകളിൽ ഇടപെട്ട് സംസാരിച്ചിട്ടുണ്ട്. പെയ്ഡ് ഹോമുകളുടെ കാര്യത്തിൽ ഒരു നിയന്ത്രണസമിതി അത്യാവശ്യമാണ്.” ബിജു പറയുന്നു.

വയോജന മന്ദിരങ്ങൾ മാത്രമല്ല, നമ്മുടെ സാമൂഹികചുറ്റുപാടുകളും കാഴ്ചപ്പാടുകളും കൂടുതൽ വയോജനസൗഹൃദമാകേണ്ടതുണ്ട്. വയോജനപരിചരണ പരിശീലന കോഴ്സുകളുൾപ്പെടെ ഈ മേഖലയിൽ ഗവേഷണങ്ങളും അത്യാവശ്യം തന്നെ.



About Us (http://www.manoramaonline.com/about-us.html) Contact Us (http://www.manoramaonline.com/contact-us.html)
Manorama Products (http://subscribe.manoramaonline.com/)

*Senior Care*

# കൂട്ടുകുടുംബം പോലെ ഒരു വയോജനമന്ദിരം



## മാതൃകാവൃദ്ധസദനത്തിനുള്ള അംഗീകാരം നേടിയ കറുകച്ചാലിലെ ട്രാവൻകൂർ ഫൗണ്ടേഷന്റെ രീതികൾ അറിയാം

ഏറെ ചിന്താപൂർവം ഡിസൈൻ ചെയ്തത് (തോട്ട്ഫുളി ഡിസൈൻഡ് സീനിയർ ലിവിങ് സ്പെയ്സ്) എന്നാണ് കോട്ടയത്ത് കറുകച്ചാലിനടുത്തുള്ള ട്രാവൻകൂർ ഫൗണ്ടേഷൻ എന്ന സീനിയർ കെയർ ഫെസിലിറ്റിയുടെ വെബ്സൈറ്റിലെ പരസ്യവാചകം. അസോസിയേഷൻ ഓഫ് സീനിയർ ലിവിങ് ഇന്ത്യ പാർട്നേഴ്സും (Asli) സ്റ്റാൻഡാർഡ് വൈസ് ഇന്റർനാഷനൽ ഇന്ത്യയും ചേർന്ന് വയോജനകേന്ദ്രങ്ങളെ വിലയിരുത്താനും അംഗീകരിക്കാനുമായി തുടക്കം കുറിച്ചപ്പോൾ തെക്കേ ഇന്ത്യയിൽ നിന്ന് അംഗീകാരം നേടിയ ഏക വയോജനമന്ദിരമാണ് ട്രാവൻകൂർ ഫൗണ്ടേഷൻ. പ്രായമായവരെക്കുറിച്ചുള്ള കരുതലും ചിന്തയും കലർന്ന രൂപകൽപനയും പരിചരണ സംവിധാനങ്ങളുമാണ് ഈ മികവിലേക്ക് തങ്ങളെ എത്തിച്ചതെന്ന് സ്ഥാപകനും മാനേജിങ് ട്രസ്റ്റിയുമായ ജിജി ഫിലിപ് പറയുന്നു.

കറുകച്ചാൽ ചങ്ങനാശ്ശേരി റൂട്ടിൽ ഒരു കുന്നിനു മുകളിൽ മൂന്നര ഏക്കറോളം വരുന്ന സ്ഥലത്താണ് ട്രാവൻകൂർ ഫൗണ്ടേഷൻ സ്ഥിതിചെയ്യുന്നത്. 2005ലാണ് പ്രായംചെന്നവർക്കായി ഒരിടം എന്ന ആശയം ജിജി ഫിലിപ്പിന്റെ മനസ്സിൽ മുളപൊട്ടുന്നത്. ധാരാളം ആളുകളുമായി ചർച്ച ചെയ്ത്, വിദേശത്തെ സീനിയർ കെയർ സംവിധാനങ്ങളെക്കുറിച്ച് പഠിച്ച്, നീണ്ടനാളത്തെ ആലോചനയ്ക്കു ശേഷം 2009ലാണ് ആ സ്വപ്നം ട്രാവൻകൂർ ഫൗണ്ടേഷനെന്ന യാഥാർഥ്യമാകുന്നത്. 400 സ്ക്വയർ ഫീറ്റുള്ള നല്ല പ്രകാശമുള്ള , വായു സഞ്ചാരമുള്ള റൂമുകൾ, തെന്നിവീഴാത്ത ടൈലുകൾ, പ്രായമായവർക്ക് അനായാസം നടക്കാവുന്ന വീതിയുള്ള നടപ്പാതകൾ, ഇടയ്ക്കിടെ പിടിച്ചുനിൽക്കാൻ കൈപ്പിടികൾ, ലിഫ്റ്റ്

കറുകച്ചാലിലെ ട്രാവൻകൂർ ഫൗണ്ടേഷൻ





About Us (http://www.manoramaonline.com/about-us.html) Contact Us (http://www.manoramaonline.com/contact-us.html)
Manorama Products (http://subscribe.manoramaonline.com/)

സംവിധാനം, വീൽചെയറിൽ സഞ്ചരിക്കാനുള്ള സൗകര്യം എന്നിങ്ങനെ പരിപൂർണ വയോജനസൗഹൃദമായിട്ടാണ് ഇവിടെയുള്ള 62 സ്യൂട്ട്റൂമുകളും പണിതീർത്തിരിക്കുന്നത്.

‘‘ഓരോരുത്തരും ജീവിച്ച സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കും. അതു കണ്ടു വിലയിരുത്തി അവർക്കു യോജിച്ചുപോകാവുന്ന, കഴിയുന്നത്ര വ്യക്തിഗതമായ ഒരു ഇടം ഒരുക്കാൻ ട്രാവൻകൂർ ഫൗണ്ടേഷൻ ശ്രമിക്കാറുണ്ട്.’’ ജിജി പറയുന്നു. ‘‘ ചിലർക്ക് അവർക്ക് പതിവായി ഉപയോഗിക്കുന്ന ചാരുകസേര, എഴുത്തുമേശ പോലുള്ള പ്രിയപ്പെട്ട ഫർണിച്ചറുകൾ കൂടെ കൂട്ടണമെന്നുണ്ടാകും. അത്തരം ചില കസ്റ്റമൈസേഷനുകൾ ഇവിടെ സാധ്യമാണ്.

മൂന്നുമാസം കൂടുമ്പോഴുള്ള റസിഡന്റ് അസസ്മെന്റ് ആണ് മറ്റൊരു പ്രത്യേകത. തങ്ങൾക്കു ലഭിക്കുന്ന പരിചരണത്തെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും താമസക്കാർക്ക് വിലയിരുത്താം. ആരോഗ്യസ്ഥിതി, ഡയറ്റ്, മരുന്നുകൾ, എന്തെങ്കിലും പ്രത്യേക വൈദ്യപരിചരണം വേണ്ടതുണ്ടോ എന്നിവയെല്ലാം പരിശോധിക്കും. 24 മണിക്കൂറും വൈ ഫൈ സൗകര്യം ഉള്ളതിനാൽ മക്കൾക്ക് ഓൺലൈനായി ഇതെല്ലാം കേൾക്കാം, കാണാം. നിർദേശങ്ങൾ പറയാം. ഈ വിലയിരുത്തൽ അനുസരിച്ച് ആവശ്യമെങ്കിൽ രോഗികളുടെ പരിചരണപദ്ധതികൾ പുതുക്കുന്നു.

ഈ സുതാര്യത ഫൗണ്ടേഷന്റെ ദൈനംദിന പ്രവർത്തനങ്ങളിലെല്ലാമുണ്ട്. ഭക്ഷണത്തിന്റെ മെനു തീരുമാനിക്കുന്നതു തുടങ്ങി ഫൗണ്ടേഷന്റെ ലാഭവും നഷ്ടവും ശമ്പളചെലവും ഉൾപ്പെടെ എല്ലാ സാമ്പത്തിക കാര്യങ്ങളും താമസക്കാരെ അറിയിച്ചാണ് ചെയ്യുന്നത്. ’’

## കൂട്ടുകുടുംബം പോലെ

‘‘ഒരു കൂട്ടുകുടുംബം നടത്തുകയാണ് എന്നാണ് ഞാൻ വിചാരിക്കാറ്. എന്റെ അച്ഛനും എനിക്കൊപ്പം ഇവിടെ താമസിക്കുന്നു. 71 നഴ്സുമാർ, മൂന്നു ഫിസിയോതെറപ്പിസ്റ്റുകൾ, ഡയറ്റീഷൻ, അഞ്ച് സോഷ്യൽ വർക്കർമാർ തുടങ്ങി 140 സ്റ്റാഫ് ഉണ്ട്. ഇവരിൽ മിക്കവരും ഇവിടെത്തന്നെയാണ് താമസിക്കുന്നത്.

മണിയടിക്കുമ്പോൾ കഴിക്കണം, കൃത്യസമയത്ത് ഉറങ്ങണം എന്ന മട്ടിലുള്ള കർശനചിട്ടകൾ ഇവിടില്ല. എല്ലാത്തിനും സമയപരിധി ഉണ്ടെങ്കിലും താമസക്കാരുടെ വ്യക്തിപരമായ ഇഷ്ടങ്ങളെക്കുറിച്ചുള്ള കരുതലുണ്ട്. ചിലർക്ക് പ്രത്യേകം തെറാപ്യൂട്ടിക് ഡയറ്റ് വേണ്ടതുണ്ട്. അവരുടെ താൽപര്യം കൂടി പരിഗണിച്ചാകും അത് ചിട്ടപ്പെടുത്തുക. ഒഴിവുനേരങ്ങൾ ബോറടിക്കാതെ ചെലവഴിക്കാൻ ചെസ്സ്, കാരംസ്, കാർഡ്സ് പോലുള്ള ഇൻഡോർ ഗെയിമുകളും ആക്ടിവിറ്റികളും ഉണ്ട്. അൽസ്ഹൈമേഴ്സ്, ഡിമൻഷ്യ പ്രതിരോധത്തിന് ഓർമ മെച്ചപ്പെടുത്താനുള്ള ആക്ടിവിറ്റികൾ, വ്യായാമ പരിശീലനം പോലെ തെറാപ്യൂട്ടിക് ആക്ടിവിറ്റികളുമുണ്ട്.

പ്രായമായിക്കഴിയുമ്പോൾ വീഴ്ച, അണുബാധ, മല-മൂത്രസംബന്ധിയായ പ്രശ്നങ്ങൾ, ഭാരനഷ്ടം, കിടപ്പുരോഗികളാണെങ്കിൽ വ്രണങ്ങൾ വരിക എന്നിവയ്ക്കൊക്കെ സാധ്യത കൂടുതലാണ്. അവ വരാതിരിക്കാൻ പരിചരണപദ്ധതികളുണ്ട്.ഡോക്ടർ ഓൺ കോൾ സംവിധാനവുമുണ്ട്.

ദിവസവും മരുന്നു കഴിച്ചു എന്നുറപ്പാക്കാൻ റജിസ്റ്റർ സംവിധാനം, മരുന്നു മാറിപ്പോകാതിരിക്കാൻ പ്രത്യേക മെഡിസിൻ കാർട്ട് എന്നിങ്ങനെ വയോജന പരിചരണത്തിൽ സാധാരണ വരുന്ന പിഴവുകൾ ഒഴിവാക്കാനുള്ള ശ്രമങ്ങളുമുണ്ട്. ഫൗണ്ടേഷന്റെ ചെയർപേഴ്സണും ന്യൂയോർക്ക് മേഴ്സി കോളജിലെ ക്ലിനിക്കൽ ജെറന്റോളജിസ്റ്റുമായ ഡോ.രേണു ഏബ്രഹാം വർഗീസിന്റെ നേതൃത്വത്തിലാണ് ഇവിടുത്തെ പരിചരണപദ്ധതികൾ തയാറാക്കിയിരിക്കുന്നത്.

ആരോഗ്യാവസ്ഥ അനുസരിച്ച് മാസം മുപ്പതിനായിരം രൂപ മുതൽ ചെലവു വരും താമസത്തിന്. എല്ലാ ദിവസവും രാവിലെ 8 മുതൽ വൈകുന്നേരം വരെ സന്ദർശകരെ അനുവദിക്കാറുണ്ട്. വിദേശത്തുള്ള മക്കൾക്ക് അവധിക്കാലത്ത് ഇവിടെ മാതാപിതാക്കളോടൊപ്പം മൂന്നു മാസം വരെ താമസിക്കാം. അതിനു പ്രത്യേകം ഗസ്റ്റ് റൂമുകളുണ്ട്.

## പരിശീലനത്തിന് കോഴ്സുകൾ

വയോജനങ്ങളുടെ പരിചരണത്തിനായുള്ള അറിവും പ്രായോഗികപരിചയവും ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ പ്രശ്നം പരിഹരിക്കാൻ ട്രാവൻകൂർ ഫൗണ്ടേഷൻ എജ്യൂക്കേഷൻ ആൻഡ് റിസർച്ച് സെന്റർ (’TFERCA) എന്ന പേരിൽ ഭാരതിയാർ യൂണിവേഴ്സിറ്റിയുമായും കുട്ടിക്കാനം മരിയൻ കോളജുമായും ചേർന്ന് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നു. കോഴ്സ് കഴിഞ്ഞവർക്ക് ഇവിടെത്തന്നെ ജോലി ചെയ്യാനുള്ള അവസരവും നൽകുന്നു.

**ആശാ തോമസ്**



താമസക്കാരുടെ ഇഷ്ടങ്ങളേക്കുറിച്ചുള്ള കരുതൽ വൃദ്ധസദനത്തിൽ പ്രധാനമാണ്

**വ്യക്തിപരമായ കാര്യങ്ങൾ, ഭക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം ആരോഗ്യവും ഓർമയും മെച്ചപ്പെടുത്താനുള്ള പരിചരണ–പരിശീലന പദ്ധതികളും ഇവിടെയുണ്ട്**



About Us (http://www.manoramaonline.com/about-us.html) Contact Us (http://www.manoramaonline.com/contact-us.html)
Manorama Products (http://subscribe.manoramaonline.com/)